**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5371** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ നിലവിലെ സ്ത്രീ പുരുഷാനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ നിലവിലെ സ്ത്രീ പുരുഷാനുപാതം എത്രയെന്ന് വിശദമാക്കാമോ; | (എ) | ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥിനികൾക്ക് മെഡിക്കൽ കോളേജുകളുടെ ഹോസ്റ്റലുകളിൽ ലഭ്യമായ മുറികളുടെ അടിസ്ഥാനത്തിൽ താമസ സൗകര്യം ഒരുക്കി നൽകി വരുന്നുണ്ട്. |
| (ബി) | നിലവിൽ ഹോസ്റ്റലുകളിലെ ഓരോ മുറികളിലും എത്ര കുട്ടികളാണ് താമസിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റലിൽ ഒന്നാം വർഷ ബ്ലോക്കിൽ 39 റൂമുകളിലായി 3 കുട്ടികൾ വീതവും 2 ഡോർമെട്രികളിലായി 12 കുട്ടികൾ വീതവും . രണ്ടാം വർഷ ബ്ലോക്കിൽ 28 റൂമുകളിലായി 7 കുട്ടികൾ വീതവും 2 റൂമുകളിലായി 4 കുട്ടികൾ വീതവും പഴയ ബ്ലോക്കിൽ 30 സിംഗിൾ റൂമുകളിൽ ഓരോ കുട്ടികൾ വീതവും, 20 റൂമുകളിൽ 5 കുട്ടികൾ വീതവും 135 റൂമുകളിൽ 2കുട്ടികൾ വീതവും താമസിച്ചു വരുന്നു.<br><br>കൊല്ലം സർക്കാർ മെഡിക്കൽ കോളജിലെ പുരുഷ ഹോസ്റ്റലിൽ ഒരു മുറിയിൽ 3 കുട്ടികളും, സ്ത്രീ ഹോസ്റ്റലിൽ ഒരു മുറിയിൽ 4 കുട്ടികളുമാണ് താമസിക്കുന്നത്.<br><br>കോന്നി മെഡിക്കൽ കോളജിലെ ഹോസ്റ്റലിൽ ഒരു മുറിയിൽ 3 കുട്ടികളെ വീതമാണ് താമസിപ്പിക്കുന്നത്.<br><br>ഇടുക്കി മെഡിക്കൽ കോളേജ് ഹോസ്റ്റലിൽ ഓരോ മുറികളിലും 7 കുട്ടികൾ വിതം താമസിക്കുന്നു.<br><br>കോട്ടയം മെഡിക്കൽ കോളേജിൽ രണ്ട് മുതൽ മൂന്നു വരെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ ഹോസ്റ്റലിലെ ഓരേ റൂമിൽ പ്രവേശിപ്പിക്കുന്നു.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ ആൺകുട്ടികൾക്കായുള്ള ഒരു ഹോസ്റ്റൽ മുറിയിൽ 3 കുട്ടികൾ വീതവും പെൺകുട്ടികൾക്കായുള്ള ഒരു |

| | | | |
|---|---|---|---|
| | | | ഹോസ്റ്റൽ മുറിയിൽ 2/3 കുട്ടികൾ വീതവും താമസിക്കുന്നു.<br><br>എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ പി.ജി ഹോസ്റ്റലിൽ 2 പേർ വീതവും എം.ബി.ബി.എസ്./പാരാമെഡിക്കൽ ഹോസ്റ്റലുകളിൽ 2 - 3 പേർ വീതമാണ് താമസിക്കുന്നത്.<br><br>തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഹോസ്റ്റലിൽ മുറികളിലെ സൗകര്യമനുസരിച്ച് 3 മുതൽ 4 വരെ വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്.<br><br>മഞ്ചേരി മെഡിക്കൽ കോളേജിൽ ഹോസ്റ്റലിൽ ഒരു മുറിയിൽ 4 കുട്ടികളാണ് താമസിക്കുന്നത്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജ് മെൻസ് ഹോസ്റ്റലിൽ ഒരാൾക്ക്, രണ്ടാൾക്ക്, മൂന്നാൾക്ക്, നാലാൾക്ക് എന്നിങ്ങനെയാണ് മുറികളുള്ളത്. ഡോർമെട്രിയിൽ ഒൻപത് പേർ താമസിക്കുന്നു. ലേഡീസ് ഹോസ്റ്റലിൽ 6 പേർ താമസിക്കുന്ന മുറികളാണുള്ളത്. SRQ ഹോസ്റ്റലിൽ 6 പേർ താമസിക്കുന്ന മുറികളാണുള്ളത്. HSQ ഹോസ്റ്റലിൽ രണ്ട് പേർ താമസിക്കുന്ന മുറികളാണുള്ളത്.<br><br>കണ്ണൂർ മെഡിക്കൽ കോളേജിലെ ഹോസ്റ്റലുകളിൽ റൂമിന്റെ വലിപ്പമനുസരിച്ച് 2 മുതൽ 6 വരെ വിദ്യാർത്ഥികളെ വരെ താമസിപ്പിക്കാറുണ്ട്. |
| (സി) | വനിതാ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി ഹോസ്റ്റലുകളിൽ താമസ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇടുക്കി, കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥല പരിമിതികൾക്ക് അനുസൃതമായി സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>കോട്ടയം മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കോന്നി മെഡിക്കൽ കോളേജിലെ ഹോസ്റ്റൽ നിർമ്മാണം മെയ് മാസത്തോടെ പൂർത്തിയാകും.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ രണ്ട് പുതിയ ഹോസ്റ്റലുകൾക്കായുള്ള പ്രൊപ്പോസലുകൾ പരിഗണിച്ചുവരുന്നു.<br><br>എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ ഹോസ്റ്റൽ സൗകര്യമുണ്ട്. നിലവിലുള്ള കോഴ്സുകൾക്ക് സീറ്റ് വർദ്ധന ഉണ്ടാകുന്ന അവസരത്തിൽ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | മഞ്ചേരി മെഡിക്കൽ കോളേജിൽ വനിത വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ പെൺകുട്ടികൾക്ക് താമസിക്കുന്നതിനായി G+8 നിലകളുള്ള (2 BED-108, 3 BED 97) കെട്ടിടത്തിന്റെ നിർമ്മാണം M/S കിറ്റ്കോ മുഖേന പുരോഗമിക്കുന്നു. നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ ബോയ്സ് ഹോസ്റ്റലിലാണ് പെൺകുട്ടികളെ താമസിപ്പിച്ചു വരുന്നത്. പുതിയ ഗേൾസ് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സൗകര്യങ്ങളോടെ പെൺകുട്ടികൾക്ക് താമസം സജ്ജമാകുന്നതാണ്. Reading Room, Dining , Kitchen തുടങ്ങിയ എല്ലാ വിധ സൗകര്യങ്ങളോടുകൂടിയാണ് ഈ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നത്. ടി പ്രവർത്തി 80 ശതമാനം പൂർത്തിയായതായി നിർമ്മാണ ചുതലയുള്ള M/S കിറ്റ്കോ അറിയിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ വനിത വിദ്യാർത്ഥികളുടെ താമസ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. രണ്ട് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>കണ്ണൂർ മെഡിക്കൽ കോളേജിൽ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഒരു പി.ജി. ഹോസ്റ്റലിനും ഒരു പാരാമെഡിക്കൽ ഹോസ്റ്റലിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ